(ഇ) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൻ കീഴിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയിൽ ഒരെണ്ണം ഒഴികെ ബാക്കി എല്ലാ പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകാനുള്ള പ്രവൃത്തിക്ക് എത്രയും പെട്ടെന്ന് സാങ്കേതികാനുമതി നൽകുന്നതാണ്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 19 പ്രവർത്തികൾ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. അവയിൽ ചില പ്രവർത്തികൾ പൂർത്തീകരിച്ചു. മറ്റു പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. മാളിക്കടവ്-പാർത്ഥസാരഥി റോഡ് സബ്സ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിന് നിർദ്ദേശം നിലവിലുണ്ട്. പൈമ്പാലിശ്ശേരി-പാലത്തിന്റെ പ്രവർത്തി പൂർത്തീകരിച്ചു. മറ്റു പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടമ്മൽക്കടവ് പാലത്തിന്റെ ലാന്റ് അക്വിസിഷൻ പുരോഗമിക്കുന്നു.

തലസ്ഥാന നഗരിയിലെ റോഡു വികസന പ്രവർത്തനങ്ങൾ

235 (1963) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ റോഡുവികസന പ്രവർത്തനങ്ങൾ എന്നു പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിയിൻകീഴിൽ ഇനി ഏതൊക്കെ പണികളാണ് പൂർത്തീകരിക്കാനുള്ളത് ;

(സി) തകരപ്പറമ്പ് ഫ്ളൈ ഓവറിന്റെ പണി ഏതു ഘട്ടത്തിലാണെന്നു വെളിപ്പെടുത്തുമോ ;

(ഡി) ഈ പണി നിശ്ചിതസമയത്തിനുള്ളിൽ ആരംഭിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തലസ്ഥാന നഗരിയിലെ റോഡ് വികസന പ്രവർത്തനങ്ങളുടെ ഒന്നാംഘട്ടം പൂർത്തിയായിക്കഴിഞ്ഞു. രണ്ടാംഘട്ടം 2011 മാർച്ച് 31-നും മൂന്നാംഘട്ടം 2011 ഒക്ടോബർ 31-നും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പൂർത്തീകരിക്കാനുള്ള പ്രവർത്തികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തകരപ്പറമ്പ് ഫ്ളൈ ഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഫ്ളൈ ഓവറിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനു കഴിയാത്തതും കോടതി വ്യവഹാരങ്ങളും തകരപ്പറമ്പിലെ ചെറുകിട കച്ചവടക്കാരുടെ പുനരധിവാസ പാക്കേജിന് അന്തിമരൂപം നൽകുവാൻ സാധിക്കാത്തതുമാണ് പ്രസ്തുത പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കുവാൻ കഴിയാതിരുന്നത്.

ഹരിപ്പാട് നങ്ങ്യാർകുളങ്ങരയിലും മാധവാ ജംഗ്ഷനിലും ട്രാഫിക് ലൈറ്റുകൾ

236 (1964) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ നങ്ങ്യാർകുളങ്ങരയിലും മാധവാ ജംഗ്ഷനിലും വർദ്ധിച്ചുവരുന്ന തിരക്കുകൾ പരിഗണിച്ച് ഓരോ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ അടിയന്തരനടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയപാത വികസന പദ്ധതി പ്രകാരം നാലുവരിപ്പാതയാക്കി വികസിപ്പിക്കുമ്പോൾ ടി ജംഗ്ഷനുകൾ നവീകരിക്കുകയും നിരത്തിന്റെ തിരക്കു മനസ്സിലാക്കി ട്രാഫിക് സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

തകരപ്പറമ്പിലെ നിർദ്ദിഷ്ട ഫ്ളൈഓവർ നിർമ്മാണം

237 (1965) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ പഴവങ്ങാടിക്കു സമീപം തകരപ്പറമ്പിൽ നിർദ്ദിഷ്ട ഫ്ളൈഓവർ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ബി) ഈ കരാർ ഏത് കമ്പനിക്കാണ് നൽകിയത് ; അടങ്കൽ തുക എത്ര ; എത്ര ശതമാനം എസ്റ്റിമേറ്റ് തുകയിൽ നിന്നും ഉയർത്തിയാണ് കരാർ നൽകിയത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫ്ളൈഓവറിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) ഈ കരാർ, തിരുവനന്തപുരം റോഡ് ഡവലപ്മെന്റ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് നൽകിയത്. തകരപ്പറമ്പ് ഫ്ളൈഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രത്യേക അടങ്കൽ തുക നിശ്ചയിച്ചിട്ടില്ല. പ്രസ്തുത ഫ്ളൈഓവർ ഉൾപ്പെടെ നഗരത്തിലെ 42 കി.മീ. റോഡ് വികസിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly